Draft #4 of File 82332/AC A4-2/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Sep-2025 07:41 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ത്രിവത്സര /പഞ്ച വത്സര എൽ എൽ ബി പ്രോഗ്രാമുകൾക്ക്, അവസാന സെമസ്റ്റർ പരീക്ഷകൾക്ക് മുൻപ് സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ അനുവദിക്കുന്നത് സംബന്ധിച്ച്- വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 8794/AC A 4/2025/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2025

---

*പരാമർശം:*-1.Tony Kuriakose, Convenor, SFI M G University Sub Committee 16.08.2025 ന സമർപ്പിച്ച അപേക്ഷ
2.നിയമ വിദഗ്ധ സമിതിയുടെ 09.09.2025 തീയതിയിലെ ശിപാർശ

**ഉത്തരവ്**

Three Year LL.B വിദ്യാർഥികൾക്കും, Five Year LL.B വിദ്യാർഥികൾക്കും സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ ആനുകൂല്യം നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു .

പി.ജി., സിബിസിഎസ്എസ് പ്രോഗ്രാമുകൾക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന Special Supplementary അവസരം, അവസാന സെമസ്റ്റർ പരീക്ഷകൾക്ക് മുമ്പുള്ള അവസാന വർഷ എൽ.എൽ.ബി. (അഞ്ചുവർഷവും, മൂന്നു വർഷവും) വിദ്യാർത്ഥികൾക്കും കൂടി അനുവദിക്കണം എന്നും , ഈ നടപടിക്രമം വിവിധ പ്രോഗ്രാമുകളിലുടനീളം തുല്യത ഉറപ്പാക്കുന്നതിനും, വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി പഠനം പൂർത്തിയാക്കുന്നതിനും, തുടർന്ന് കരിയർ/ഉന്നത പഠനങ്ങളിലേക്കുള്ള പുരോഗതിക്കുമായി സഹായകരമാകുമെന്നും, അതോടൊപ്പം നിലവിലുള്ള നിയന്ത്രണങ്ങളെയും അംഗീകൃത അക്കാദമിക് കലണ്ടറിനെയും ബാധിക്കാതെയായിരിക്കണം ആയതു നടപ്പിലാക്കേണ്ടതെന്നും നിയമ വിദഗ്ധ സമിതി കൺവീനർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തു .

മഹാത്മാ ഗാന്ധി സർവകലാശാലാ ആക്ട് 1985 അധ്യായം III പരിച്ഛേദം 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം പ്രയോഗിച്ച് മേൽ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ബഹു: വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. PS to VC
2.PA to Registrar / Controller of Examinations
3.ബന്ധപ്പെട്ട കോളേജുകൾ
4.എ ആർ /ഡി ആർ /ജെ ആർ (പരീക്ഷ / അക്കാദമിക് )
5.ജെ ആർ 2 (ഭരണവിഭാഗം )
6.എ സി സി 1 / എ സി സി 2 സെക്ഷനുകൾ
7.PRO സെക്ഷൻ / University Website/ IQAC
8.റെക്കോർഡ്‌സ് സെക്ഷൻ/ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 82332/AC A4-2/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Sep-2025 07:41 PM - Page 2